# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2316

09.03.2018 ലെ മറുപടിയ്ക്ക്

## ഏറനാട് മണ്ഡലത്തിലെ പദ്ധതികൾക്ക് വനഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് നിലവിൽ വനഭൂമി ലഭ്യമാകാത്തതിന്റെ പേരിൽ പെൻഡിംഗിലുള്ളത് ; വ്യക്തമാക്കുമോ; | (എ) ഏറനാട് മണ്ഡലത്തിൽ മൊടവണ്ണക്കടവ് പാലം നിർമ്മാണം, കക്കാടംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതി, വാളാന്തോട്-നായാടം-പൊയിൽ റോഡ്, ചൂരക്കോട്, അന്നുണ്ട, തണ്ണിപ്പൊയിൽ, പെരുവമ്പാടം, മേലോടി വനഭാഗങ്ങളിലെ വീടുകളുടെ സമ്പൂർണ്ണ വൈദ്യുതീകരണം എന്നീ പദ്ധതികളാണ് വനസംരക്ഷണനിയമപ്രകാരം അനുമതി തേടിയിട്ടുള്ളത്. ഇതിൽ മൊടവണ്ണക്കടവിൽ പാലം നിർമ്മിയ്ക്കുന്നതിന് കേന്ദ്രാനുമതി നല്കിയിട്ടുണ്ട്.<br>കക്കാടംപൊയിൽ ചെറുകിട ജലവൈദ്യുതി പദ്ധതിയ്ക്ക് വനഭൂമി അനുവദിയ്ക്കുന്നതിനായി സി.ഐ.എ.എൽ സമർപ്പിച്ച പ്രൊപ്പോസൽ വിവിധ തലത്തിൽ പരിശോധനയിലാണ്.<br>സമ്പൂർണ്ണ ഗൃഹവൈദ്യുതീകരണത്തിന്റെ ഭാഗമായി വനഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിയ്ക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള പ്രൊപ്പോസ-ലിന്മേൽ സ്ഥലപരിശോധന നടത്തിവരുന്നു. വാളന്തോട് നായാടംപൊയിൽ റോഡിന് വനഭൂമി അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ ആവശ്യമായ രേഖകൾ സമർപ്പിക്കാൻ യൂസർ ഏജൻസിയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്, ലഭിക്കാത്തതിനാൽ തുടർനടപടി സാധിക്കുന്നില്ല. |
| (ബി) മൊടവണ്ണക്കടവിൽ പാലം നിർമ്മിക്കുന്നതിന് വനം വകുപ്പ് അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്നും എപ്പോൾ അനുമതി നല്കുമെന്നും വ്യക്തമാക്കുമോ ; | (ബി) മൊടവണ്ണക്കടവിൽ പാലം നിർമ്മിയ്ക്കുന്നതിന് കേന്ദ്രാനുമതി നല്കിയിട്ടുണ്ട്. |

(സി) വനഭൂമി വിട്ടുകിട്ടാത്തതിന്റെ പേരിൽ മുടങ്ങിക്കിടക്കുന്നതും ഭരണാനുമതി ലഭിച്ചതുമായ പദ്ധതികൾക്ക് നിയമപ്രകാരം ഭൂമി വിട്ടുനല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?.

(സി) അടിയന്തിര നടപടി സ്വീകരിക്കും.

സെക്ഷൻ ഓഫീസർ